പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*102 06/02/2020 ലെ മറുപടി

## സ്കൂളുകളുടെ ശുചിത്വവും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, വി.ടി.ബൽറാം**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വയനാട് സുൽത്താൻ ബത്തേരിയിലുള്ള സർവ്വജന വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് മരിക്കുവാനിടയായ സംഭവത്തിൽ കേരള ഹൈക്കോടതി കേസ്സെടുക്കുകയും സംസ്ഥാന സർക്കാരിന് നോട്ടീസ് അയക്കുകയും ചെയ്തിട്ടുണ്ടോ; | (എ) പ്രസ്തുത സംഭവത്തിൽ ഡബ്ല്യു.പി.(സി) 34037/2019 നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്വമേധയാ കേസ് എടുക്കുകയും സംസ്ഥാന സർക്കാരിന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) സ്കൂളുകളുടെ ശുചിത്വവും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് സ്കൂൾ അധികൃതർക്ക് എന്തൊക്കെ ചുമതലകളാണ് ഉള്ളത്; അത് നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (ബി) സ്കൂളുകളുടെ ശുചിത്വവും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി സർക്കുലർ നം.ആർ&ആർ(1)/90010/ 17/ ഡി.ജി.ഇ തീയ്യതി.22-11-2019 പ്രകാരമുള്ള നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സ്കൂൾ അധികൃതർക്കും നൽകിയിട്ടുണ്ട്. സർക്കുലറിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് പരിശോധിക്കു ന്നതിനായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ മാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(സി) സംസ്ഥാനത്തെ പ്രൈമറി സ്കൂൾ മുതൽ ഹൈസ്കൂൾ വരെ ഹൈടെക് ആക്കിയെന്ന് അവകാശപ്പെടുമ്പോഴും സംസ്ഥാനത്തെ പല സ്കൂളുകളിലും അടിസ്ഥാന സൗകര്യം പോലുമില്ലായെന്നും സ്കൂൾ സുരക്ഷിത സാഹചര്യത്തിലല്ല പ്രവർത്തിക്കുന്നതെന്നുമുള്ള ആക്ഷേപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

(സി) ഉണ്ട്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി പ്രകാരം ത്വരിത നടപടികൾ കൈക്കൊണ്ടു വരുന്നു.

സെക്ഷൻ ഓഫീസർ